## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.206** **16.08.2017-ൽ മറുപടിയ്ക്ക്**

**ലോട്ടറി വകുപ്പ് പരിഷ്കരിക്കുന്നതിന് നടപടി**

| ചോദ്യം<br><br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. ഐ.ബി. സതീഷ് | | മറുപടി<br><br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലോട്ടറി വകുപ്പ് കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോട്ടറി വകുപ്പ് പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 15 സബ് ഓഫീസുകൾ വിവിധ ജില്ലകളിലായി പ്രവർത്തനമാരംഭിച്ചു. ഈ ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി 113 പുതിയ തസ്തികകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ ടി ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 1,72,89,000/- രൂപയും പ്രതിമാസം ആവർത്തന ചെലവായി 8,46,000/- രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് ആസ്ഥാനമാക്കി ഒരു ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഓഡിറ്റ് വിംഗ് ഓഫീസ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എറണാകുളം മുതൽ കാസർഗോഡുവരെയുള്ള വിവിധ ഭാഗ്യക്കുറി ഓഫീസുകളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായിട്ടാണ് ഈ ഓഡിറ്റ് വിംഗ് ഓഫീസ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്.<br><br>ലോട്ടറി ടിക്കറ്റുകളുടെ അച്ചടി നവീകരിക്കുന്നതിന്റേയും സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിന്റേയും ഭാഗമായി കൂടുതൽ സുരക്ഷാ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ നവീകരണത്തിനായി ചുവടെ ചേർക്കുന്ന നടപടികളും കൈക്കൊണ്ടിട്ടുണ്ട്:-<br><br>വകുപ്പിൽ നിലവിൽ ഉപയോഗത്തിലുള്ള 8 വർഷത്തിലധികം പഴക്കമുള്ള IT ഹാർഡ് വെയർ ഉപകരണങ്ങൾ മാറ്റി പുതിയ കംപ്യൂട്ടർ ഹാർഡ് വെയർ വാങ്ങുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>വകുപ്പിൽ കാലാകാലങ്ങളായി ഉപയോഗിക്കുന്ന LIMS സോഫ്റ്റ് വെയറിന്റെ പുതിയ പതിപ്പ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>Online receipt accounting system ആയ www.etreasury.kerala.gov.in എന്ന പോർട്ടലിന്റെ സഹായത്തോടുകൂടി ഭാഗ്യക്കുറി ഏജൻറുമാർ ഓൺലൈനായി പണം ഒടുക്കുന്ന e-treasury പദ്ധതി നടപ്പിലാക്കുവാൻ www.portal.Keralalotteries.in എന്ന പോർട്ടൽ ആരംഭിച്ചു.<br><br>ഓഫീസിലെ ഫയൽ സംവിധാനം കടലാസ് രഹിതമാക്കുന്നതിനും ഫയലുകളെല്ലാം ഡിജിറ്റലായി കൈകാര്യം ചെയ്യുന്നതിനുമുള്ള ഇ-ഗവേണൻസ് പദ്ധതിയായ ഇ-ഓഫീസ് സംവിധാനവും ആധാർ അടിസ്ഥാനമാക്കിയുള്ള Biometric Attendance Management System വും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ നടപ്പിലാക്കി. |
| (ബി) | ലോട്ടറി ടിക്കറ്റുകളുടെ അച്ചടി നവീകരിക്കുകയും സുരക്ഷാ ക്രമീകരണങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ടിക്കറ്റുകളിൽ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി രൂപീകരിച്ച ടെക്നിക്കൽ കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ബാർകോഡ്, സീക്രട്ട് കോഡ് എന്നീ സുരഷാ സംവിധാനങ്ങൾക്ക് പുറമേ മൈക്രോ പ്രിൻറിംഗ്, ഒപേക് ടെക്സ്റ്റ്, ഗില്ലോചെ, റിലീഫ് പ്രൻറിംഗ് മുതലായ സുരക്ഷാ മാർഗ്ഗങ്ങൾ കൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ടിക്കറ്റുകളുടെ വില കുറച്ചും | (സി) | 50/-രൂപ മുഖവിലയുള്ള സ്ത്രീശക്തി, നിർമ്മൽ |

| | | | |
|---|---|---|---|
| | സമ്മാനങ്ങൾ വർദ്ധിപ്പിച്ചും സംസ്ഥാന ഭാഗ്യക്കുറി കൂടുതൽ ആകർഷകമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഫലമായി വിറ്റുവരവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | | കാരുണ്യപ്ലസ്, കാരുണ്യ എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30/- രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30/-രൂപയായി എകീകരിക്കുകയും, അറ്റാദായത്തിൽ നിന്നും 5% കുറവ് വരുത്തി പ്രസ്തുത തുക കൂടി സമ്മാനയിനത്തിൽ നൽകുന്നതിന് തീരുമാനിച്ചു കൊണ്ടും 30/-രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ നിലവിലുള്ള ഡിസ്കൗണ്ട് നിലനിർത്തിയും, സമ്മാനങ്ങളുടെ എണ്ണത്തിൽ വൻവർദ്ധനവ് വരുത്തിക്കൊണ്ടും 2017 ജൂൺ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാനഘടനകൾ ആകർഷകമാക്കി പരിഷ്കരിച്ചിരുന്നു.<br><br>കേന്ദ്രസർക്കാർ ജി.എസ്.ടി നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 2017 ജൂലൈ 1 മുതൽ 12% ചരക്കുസേവന നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 26.8/- രൂപയാക്കി നിജപ്പെടുത്തിയും 12% ചരക്കുസേവന നികുതി കൂടി ചേർത്ത് പരമാവധി വിൽപന വില 30/- രൂപയാക്കി നിലനിർത്തിക്കൊണ്ടും 50% ന് മുകളിൽ സമ്മാനത്തുക അനുവദിച്ചുകൊണ്ടും , പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്കരിച്ചിട്ടുണ്ട്.<br><br>12 സീരീസുകളിലായി പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ ആവിഷ്കരിച്ചിരിക്കുന്നത്.<br><br>ടിക്കറ്റുകളുടെ വില എകീകരിക്കുകയും സമ്മാനത്തുക വർദ്ധിപ്പിക്കുകയും ചെയ്തതിനെ തുടർന്ന് വിറ്റുവരവിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. 2017- മെയ് മാസത്തിൽ 684.87 കോടി രൂപയായിരുന്ന വിറ്റുവരവ് ജൂൺ മാസത്തിൽ 707.81 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. |
| (ഡി) | ഇതര സംസ്ഥാന ലോട്ടറികൾ ഉയർത്തുന്ന | (ഡി) | സംസ്ഥാനത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറിയുടെ ഭീഷണി മറികടക്കുന്നതിലേക്കായി നിലവിൽ |

| | | | |
|---|---|---|---|
| | ഭീഷണി മറികടക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | പ്രാബല്യത്തിലുള്ള ആക്ടുകളും റൂളുകളും കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 1998-ലെ ലോട്ടറി റെഗുലേഷൻ ആക്ട്, 2010-ലെ ലോട്ടറി റെഗുലേഷൻ റൂൾ എന്നിവ പ്രകാരം സംസ്ഥാനത്തിനകത്ത് സിക്കിം ലോട്ടറിയുടെ വിൽപ്പന 2013-മുതൽ കേന്ദ്ര സർക്കാർ നിരോധിച്ചിട്ടുള്ളതാകുന്നു.<br><br>ജി.എസ്.ടി.യുടെ മറവിൽ അന്യ സംസ്ഥാന ലോട്ടറികളുടെ നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിലേക്കായി ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങൾ/പരിശോധനകൾ കൊണ്ടുവന്നിട്ടുണ്ട്. അതു കൂടാതെ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏജൻറുമാർ കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാൻ പാടുള്ളു എന്നും, നിയമവിധേയമല്ലാത്ത അന്യ സംസ്ഥാന ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം ടിയാളുകളുടെ ഏജൻസി റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിപ്പ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മിസോറാം ലോട്ടറി അവരുടെ വിതരണക്കാർ മുഖേന ചട്ടങ്ങൾ ലംഘിച്ച് കേരളത്തിൽ വിൽപ്പനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം കേന്ദ്ര ആഭ്യന്തര വകുപ്പിനെയും, മിസ്സോറാം സർക്കാരിനേയും അറിയിക്കുകയും ഇത്തരം ലോട്ടറികൾ പോലീസ് മുഖാന്തിരം പിടിച്ചെടുത്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മിസ്സോറാം സർക്കാർ കേരളത്തിനകത്തെ ലോട്ടറി നടത്തിപ്പിൽ നിന്നും പിൻമാറിയതായി അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**